# India-EU Consultations on Disarmament and Non-proliferation

February 10, 2022

---

# നിരായുധീകരണം, വ്യാപന നിരോധനം എന്നിവ സംബന്ധിച്ചുള്ള ഇന്ത്യ- യൂറോപ്യൻ യൂണിയൻ കൂടിയാലോചനകൾ

ഫെബ്രുവരി 10, 2022

2022 ഫെബ്രുവരി 10-ന് നിരായുധീകരണം, വ്യാപന നിരോധനം എന്നീ വിഷയങ്ങളിൽ ഇന്ത്യ- യൂറോപ്യൻ യൂണിയൻ കൺസൾട്ടേഷനുകളുടെ ഏഴാം ഘട്ടം വെർച്വൽ ഫോർമാറ്റിൽ നടന്നു. ചർച്ചയിൽ ഇന്ത്യൻ പ്രതിനിധി സംഘത്തെ വിദേശകാര്യ മന്ത്രാലയത്തിലെ നിരായുധീകരണ, അന്താരാഷ്ട്ര സുരക്ഷാ കാര്യ ജോയിന്റ് സെക്രട്ടറിയും യൂറോപ്യൻ യൂണിയൻ വിഭാഗത്തെ യൂറോപ്യൻ എക്സ്റ്റേണൽ ആക്ഷൻ സർവീസിൽ നിരായുധീകരണത്തിനും വ്യാപനനിരോധന വിഭാഗത്തിലെ നിരായുധീകരണം, നോൺ-പ്രൊലിഫെറേഷൻ, ആയുധ കയറ്റുമതി നിയന്ത്രണം എന്നിവയുടെ മേധാവിയായ യൂറോപ്യൻ യൂണിയൻ പ്രത്യേക വക്താവും നയിച്ചു .

ആണവ, രാസിക, ജൈവിക മേഖലകൾ , ബഹിരാകാശ പ്രശ്നങ്ങൾ, പരമ്പരാഗത ആയുധങ്ങൾ, തന്ത്രപരമായ കയറ്റുമതി നിയന്ത്രണങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്തി നിരായുധീകരണം, വ്യാപനം നിരോധനം എന്നിവയിലെ സംഭവവികാസങ്ങൾ ഇരുപക്ഷവും ചർച്ച ചെയ്തു. ഇന്ത്യ- യൂറോപ്യൻ യൂണിയൻ സ്ട്രാറ്റജിക് പാർട്ണർഷിപ്പ് കൂടുതൽ ശക്തിപ്പെടുത്തുന്നതിന് 2025-ലേക്കുള്ള റോഡ്മാപ്പിന് കീഴിലുള്ള സംഭാഷണ സംവിധാനങ്ങളുടെ ഭാഗമായാണ് കൺസൾട്ടേഷനുകൾ നടത്തി വരുന്നത്

**ന്യൂ ഡെൽഹി**
**ഫെബ്രുവരി 10, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.